# Anointed mantle

## (അഭിഷേകത്തിന്റെ പുതപ്പ്-1രാജ:19:19)



പണ്ട് രാജാക്കന്മാർ അന്തസ്സിനായി വലിയപുതപ്പ് അണിഞ്ഞിരുന്നു. യോനാഥൻ തന്റെ മേലങ്കി ദാവീദിന് സമ്മാനമായി നൽകിയിരുന്നു. ശ്രീലങ്കയിലും, കേരളത്തിലും പണ്ട് സമ്പന്നർ "നേരിയൽ" (പിന്നെ നേരിയത് ആയി) എന്ന് വിളിക്കുന്ന പുതപ്പ് കഴുത്തിനു ചുറ്റും അണിഞ്ഞിരുന്നു. ഇന്ന് രാഷ്ട്രീയക്കാർ കൊടിയുടെ വർണ്ണ നിറം കരയായുള്ള നേരിയത് കഴുത്തിനു ചുറ്റും അണിയുന്നു.

എന്താണ് അഭിഷേകം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. അഭിഷേകം ഒരു വ്യക്തിയെ ദൈവത്തിനായി വേർതിരിക്കുന്നു. ആ വ്യക്തിയെ കൊണ്ട് ദൈവത്തിന് പ്രാവർത്തികമാക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. ദൈവം തന്റെ വിളിയേയും തിരഞ്ഞെടുപ്പിനേയും ഏതു വിധേനയും വെളിപ്പെടുത്തുന്നു. അഭിഷേകത്തിന്റെ ശക്തി പ്രവഹിക്കുന്നത് നോട്ടത്തിലോ പ്രവർത്തിയിലോ ഏതുവിധത്തിലുമാകാം. ഒരിക്കൽ സാധു സുന്ദർ സിംഗ് തിരുവനന്തപുരത്ത് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ബാലൻ അവിടെ എത്തി ഉപദേശിയുടെ നോട്ടം വചനം ശ്രദ്ധയോടെ കേൾക്കുന്ന ആ ബാലന്റെ മേൽ പതിഞ്ഞു. ആ നോട്ടം ഒരു വലിയ ശക്തി അവനിലേക്ക് ഒഴുകുവാൻ കാരണമായി. ആ ബാലൻ വർഷങ്ങൾക്കു ശേഷം ഒരു വലിയ സുവിശേഷകനായിത്തീർന്നു .

അഭിഷേകത്തിന്റെ ശക്തി ഒരു വ്യക്തിയെ പ്രവർത്തനക്ഷമതയുള്ളവനാക്കുമ്പോൾ സാത്താൻ അവിടെ എത്തി അവന്റെ തന്ത്രങ്ങൾ പ്രയോഗിക്കുന്നു. ഏലിയാ

വിന്റെ ജീവിതത്തിൽ ഉണ്ടായ ചില അനുഭവങ്ങൾ അദ്ദേഹത്തെ നിരാശയിലാക്കി. എന്നാൽ തന്റെ മകനെ ശക്തിപ്പെടുത്തുവാൻ മോശയോടു സംസാരിച്ച ഹോരോബിൻ (സീനായിൽ)വച്ച് ദൈവം ഏലിയാവിനോടും സംസാരിച്ചു. ആ സാന്നിദ്ധ്യത്തിന്റെ , ശബ്ദത്തിന്റെ ശക്തി പ്രവാഹം താങ്ങുവാൻ കഴിയാതെ തന്റെ പുതപ്പുകൊണ്ട് ഏലിയാവ് മുഖം മൂടി. തീ കൊണ്ട് ഉത്തരമരുളുന്നവൻ യഥാർത്ഥ ദൈവമെന്ന് കർമ്മേലിൽ തെളിയിച്ചവന്റെ നിരാശമാറ്റി വീണ്ടും അവനെ യഹോവ ചുമതലകൾ ഏല്പിച്ചു

Read 1 രാജ: 19:3-20

ദൈവപൈതലായി ജീവിക്കുവാൻ തയാറാകുന്ന നമ്മെ ഭയപ്പെടുത്തി പിൻതിരിഞ്ഞോടാൻ പ്രേരിപ്പിക്കുന്ന അനേക ഘടകങ്ങളുമായി സാത്താൻ എത്തുന്നു. ഒരിക്കൽ നെപ്പോളിയനും കൂട്ടരും യുദ്ധം ചെയ്ത് മുന്നേറുമ്പോൾ യുദ്ധത്തിന്റെ കഠിനത കണ്ട പട്ടാളക്കാർ നദി കടക്കുവാൻ ഉപയോഗിച്ച പാലത്തിൽ കൂടി തിരിഞ്ഞോടി . ഇതു മനസ്സിലാക്കിയ നെപ്പോളിയൻ സൈന്യത്തെ മുന്നോട്ട് വിട്ടശേഷം ആ പാലം തകർത്തു. തിരിഞ്ഞോടാൻ നിർവ്വാഹമില്ലാതാകുമ്പോൾ യുദ്ധം ചെയ്തേമതിയാകൂ എന്ന അവസ്ഥയിലായവർ ധൈര്യമായി പ്രവർത്തിക്കുകയും അത് അവരെ വിജയത്തിലേക്ക് നയിക്കുകയും ചെയ്തു.

നാമും യുദ്ധമുഖത്താണ് . അതിനാൽ അഭിഷേകത്തിന്റെ ശക്തി നമുക്കും ആവശ്യമാണ്. പരിശുദ്ധാത്മ ശക്തി പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ വന്നപ്പോൾ ശിഷ്യൻമാരുടെ മേൽ അഗ്നിനാവായി ഇറങ്ങി . ഈ ശക്തി ലഭിച്ചവരാരും പിന്നീട് വേലയ്ക്ക് അമാന്തിച്ചില്ല, ഉടൻ പുറപ്പെടുകയാണ് ചെയ്തത്. ആത്മീയ ശുശ്രൂഷയ്ക്ക് ദൈവം നിയോഗിക്കുന്നവരെ ദൈവം തന്നെ അഭിഷേകം ചെയ്യുന്നു. അഭിഷേക ശുശ്രൂഷ ആദ്യം ചെയ്ത വ്യക്തിയാണ് ഏലിയാവ്. ദൈവം നിയോഗിച്ച ശുശ്രൂഷയ്ക്കായി ഉടൻ പുറപ്പെട്ട ഏലിയാവ് തന്റെ പുതപ്പ് നിലം ഉഴുതുകൊണ്ടിരുന്ന എലീശയുടെ മേൽ ഇട്ടു. ഈ പുതപ്പിൻമേൽ അഭിഷേകം , വിളി പ്രവചനം ഇവ ഉണ്ടായിരുന്നു. ദൈവവിളിയുടെ ദൈവശക്തിയുടെ പ്രതിഫലനമാണ് ഈ പുതപ്പ്. അപ്രകാരമുള്ള പുതപ്പ് എലീശയുടെ മേൽ വീണപ്പോൾ ഒന്നും ഉരുയാടാതെ വേഗത്തിൽ മുൻപോട്ടു പോയ ഏലിയാവിന്റെ പുറകേ എലീശ ഓടി. അപ്രകാരം ഓടണ

മെങ്കിൽ ആ പുതപ്പിന്റെ ശക്തി , ആ പ്രത്യേകതരം വിളിയുടെ ശക്തി നാം ചിന്തിക്കുന്നതിലും അപ്പുറമാണ്. വിളി മനസ്സിലാക്കിയവൻ കാലതാമസം വരുത്താതെ തന്നെ ഏലിയാവിനോടൊപ്പം പുറപ്പെടുവാൻ തയ്യാറായി. പുറപ്പെടും മുൻപ് തന്നെ പിന്തിരിപ്പിക്കുവാൻ സാധ്യതയുള്ള ഘടകങ്ങളെ എലീശ ഇല്ലാതാക്കി. അതായത് ഞാൻ ഇനി എന്നെ വിളിച്ചവനോടൊപ്പം മുൻപോട്ട് മാത്രം പോകും ഒരിക്കലും പിന്തിരിയുകയില്ല എന്ന പരസ്യ പ്രഖ്യാപനമായിരുന്നു അത്.

Read 1രാജ: 19:20-22

എലീശയുടെ മേൽ വീണ പുതപ്പ് വിളിയും തിരഞ്ഞെടുപ്പിനെയുമാണ് കാണിച്ചത്.

ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുവാനുള്ള സമയമായി എന്നറിഞ്ഞ എലീശ ചോദിച്ചത് ഏലിയാവിന്റെ ഇരട്ടി പങ്കാത്മാവിനെയാണ്. എത്ര നല്ല ആഗ്രഹം പക്ഷേ ആ ആഗ്രഹം ലഭ്യമാകേണ്ടവൻ ആ കാഴ്ച കാണുവാൻ ശ്രദ്ധയോടെ ഇരിക്കണം.

Read 2 രാജാ:2:9-11, 14.

പുതപ്പ് ലഭ്യമായവന് ഇരട്ടിപങ്കനുഗ്രഹവും ലഭിച്ചു. പെട്ടെന്ന് തന്നെ എലീശ തന്റെ പ്രവർത്തി ആരംഭിച്ചു. ആദ്യത്തെ പ്രവർത്തി ഏലിയാവു ചെയ്തതുപോലെ യോർദ്ദാനെ രണ്ടായി ഭാഗിച്ചു. Read 2 രാജാ: (2:13, 14) എലീശ ചെയ്ത മറ്റൊരു അത്ഭുതമാണ് '20'യവത്തപ്പവും മലരും കൊണ്ട് നൂറുപേർക്ക് വിളമ്പി ശേഷിപ്പിച്ചത്.

Read 2 രാജാ: (4:42- 44)

യേശു ഇതിന്റെ അൻപതു മടങ്ങ് ആളുകളെ പോഷിപ്പിച്ചു.

Look മർക്കോ: 6:40- 44

വിളികേട്ട് ഇറങ്ങി പ്രവർത്തിക്കുന്നവനേ അഭിഷേകത്തിന്റെ ശക്തിയോടെ പ്രവർത്തിപ്പാൻ കഴിയുകയുള്ളൂ. പത്രോസ് വിളികേട്ടിറങ്ങി ശിഷ്യനായി തീർന്നു. പക്ഷേ പടകും വലയും എടുത്തിറങ്ങിയത് കാൽവറിയാഗത്തിനുശേഷമുള്ള ഗുരുവിന്റെ അസാന്നിദ്ധ്യത്തിനു ശേഷമാണ്. അതു മനസ്സിലാക്കിയ ഗുരു പത്രോസിനെ യഥാസ്ഥാനപ്പെടുത്തി. "നീ എന്നെ ഉപദ്രവിക്കുന്നതെന്ത് ?" എന്ന ചോദ്യം കാലതാമസം ഇല്ലാതെ പ്രവർത്തന നിരതനാകുവാൻ ശൗലിനെ പ്രേരിപ്പിച്ചു.

ഇന്ന് ,ഏലിയാവിന്റെ ദൈവം എവിടെ എന്ന് ചോദിക്കുന്നവരോട് ദൈവം തിരിച്ചു ചോദിയ്ക്കും ഇവരെ രണ്ടുപേരേയും പോലെയുള്ള അഭിഷക്തർ എവിടെ എന്ന് ? അഭിഷേകത്തിന്റെ ശക്തി പകരുവാൻ യഹോവ തയ്യാറാണ്. സ്വാർത്ഥത വിട്ട് ആ അഭിഷേക പുതപ്പ് വീഴുന്നത് നോക്കി ഇരുന്ന് സ്വീകരിപ്പാൻ നാം തയ്യാറാണോ ? ഇരട്ടിപങ്ക് ആത്മശക്തി വേണമെന്ന ആഗ്രഹത്തോടെ നമുക്ക് കർത്താവിന്റെ അടുക്കലേക്ക് ചെല്ലാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg